# 22. അമേരിക്ക യുനെസ്കോ വിടുന്നു

ഐക്യരാഷ്ട്രസമിതി ചില പ്രത്യേക കർത്തവ്യങ്ങൾ നിർവഹിക്കാൻ പതിന്നാലു വ്യത്യസ്ത സംഘടനകൾ രൂപവൽക്കരിച്ചിട്ടുണ്ട്. 'സ്പെഷ്യലൈസ്ഡ് ഏജൻസികൾ' എന്നു് അറിയപ്പെടുന്ന ഈ സംഘടനകളിൽ പ്രധാനപ്പെട്ട ഒന്നാണ്, ബ്രിട്ടനും ഫ്രാൻസും മുൻകൈ എടുത്ത് 1946–ൽ സ്ഥാപിച്ചതും പാരിസ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ യുനെസ്കോ (ഐക്യരാഷ്ട്ര വിദ്യാഭ്യാസ–ശാസ്ത്രീയ–സാംസ്കാരിക സംഘടന).

യുനെസ്കോവിൽനിന്നു തങ്ങൾ വിട്ടുപോവുകയാണെന്നു് 1983 അവസാനത്തിൽ അമേരിക്ക പ്രഖ്യാപിച്ചു. യുനെസ്കോവിന്റെ നിയമപ്രകാരം ഏതെങ്കിലും അംഗരാഷ്ട്രം അതിൽനിന്നു വിട്ടുപോകണമെങ്കിൽ ഒരു വർഷം മുമ്പു നോട്ടീസ് കൊടുക്കണം. ഇതിന്നർത്ഥം, 1984 അവസാനംവരെ അമേരിക്ക യുനെസ്കോവിനു വരിസംഖ്യ നൽകിക്കൊണ്ടിരിക്കുമെന്നാണ്, 1985 മുതൽക്കേ അമേരിക്കയുടെ 'വിട്ടുപോക്ക്' നടപ്പിൽ വരികയുള്ളു എന്നാണ്.

1981–ൽ യുനെസ്കോവിന്റെ ബജററ് ഇരുപതു കോടി ഡോളറിലേറെയായിരുന്നു. നൂററുപത്തൊന്നു് അംഗരാഷ്ട്രങ്ങൾ നൽകുന്ന വരിസംഖ്യയിൽനിന്നാണ് ഈ ചെലവു നിർവഹിക്കുന്നതു്. അമേരിക്കയുടെ വരിസംഖ്യ ആണ്ടിൽ ഒമ്പതു കോടി നാല്പതു ലക്ഷം ഡോളറാണ്. 1985 മുതൽ ഈ തുക മററു രാഷ്ട്രങ്ങളിൽനിന്നു യുനെസ്കോ സമ്പാദിക്കണം, അല്ലെങ്കിൽ വരവു ചുരുങ്ങിയതനുസരിച്ചു ചെലവും ചുരുക്കണം.

'യുദ്ധം മനുഷ്യരുടെ മനസ്സുകളിലാണ് ആരംഭിക്കുന്നതു്. അതിനാൽ സമാധാനത്തിനുള്ള സംരക്ഷണം പടുത്തുയർത്തേണ്ടതു് മനുഷ്യരുടെ മനസ്സുകളിലാണ്.' യുനെസ്കോവിന്റെ ആധാരശിലയായി വർത്തിക്കുന്നതു് ഈ സിദ്ധാന്തമാകുന്നു. സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനു് രാഷ്ട്രങ്ങൾക്കിടയിൽ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നീ രംഗങ്ങളിൽ സഹകരിച്ചുള്ള പ്രവർത്തനം പ്രോത്സാഹിപ്പിക്കുക, അതുവഴി നീതിയോടും നിയമത്തോടും മനുഷ്യാവകാശങ്ങളോടും അടിസ്ഥാന സ്വാതന്ത്ര്യങ്ങളോടും ആദരം ലോകത്തിലെങ്ങും വളർത്തുക, വർഗ–ലിംഗ–ഭാഷാ–മത അടിസ്ഥാനത്തിലുള്ള ഭേദഭാവനകൾക്ക് അറുതിവരുത്തുക എന്നിവയാണ് യുനെസ്കോ നിർവ്വഹിച്ചുവരുന്ന കർത്തവ്യങ്ങൾ.

വിദ്യാഭ്യാസം വ്യാപിപ്പിക്കാനും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും, പരിഷ്കൃതലോകത്തിൽ സഫലമായി ജീവിക്കുന്നതിനു് മനുഷ്യരെ പ്രാപ്തരാക്കുന്ന ആജീവനാന്തവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനും യുനെസ്കോ പ്രയത്നിക്കുന്നു. വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വിദ്യാഭ്യാസം നൽകുന്നതിനു് അദ്ധ്യാപകരെ പരിശീലിപ്പിക്കുക, ഇതിനായി ദേശീയതലത്തിലും പ്രാദേശികതലത്തിലും സ്ഥാപനങ്ങൾ ഏർപ്പെടുത്തുക, പിൻനില രാജ്യങ്ങളിൽ സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുക എന്നീ കാര്യങ്ങളിൽ യുനെസ്കോ ശ്രദ്ധിക്കുന്നു. ജീവിതനിലവാരം ഉയർത്താൻ ശാസ്ത്രീയവിജ്ഞാനം ഉപയോഗപ്പെടുത്തുന്നതിനു് ശാസ്ത്രജ്ഞന്മാർക്കിടയിൽ അന്താരാഷ്ട്രീയസഹകരണം നടത്തു

കയാണ് യുനെസ്കോവിൻെറ മറെറാരു പരിപാടി. ഗവേഷണം, വാർത്താവിതരണം, സംജ്ഞാപനം (കമ്യൂണിക്കേഷൻ) മുതലായ വിഷയങ്ങളിലും യുനെസ്കോ നേരിട്ട് താല്പര്യമെടുക്കുന്നു. ഓരോ അംഗരാഷ്ട്രത്തിൻെറയും ഓരോ പ്രതിനിധി വീതം പങ്കെടുക്കുന്ന ഒരു പൊതു സമ്മേളനവും (ജനറൽ കോൺഫ്രൻസ്), പൊതുസമ്മേളനത്തിൽ നിന്നു തിരഞ്ഞെടുക്കുന്ന നാല്പത്തഞ്ച് അംഗങ്ങളടങ്ങിയ ഒരു നിർവഹണ സമിതിയും (എക്സിക്യൂട്ടീവ് ബോർഡ്), ഒരു സെക്രട്ടേറിയററും, അതിൻെറ നേതൃത്വം വഹിക്കുന്ന ഒരു സെക്രട്ടറിയും—ഇതാണ് യുനെസ്കോവിൻെറ ഘടന. പടിഞ്ഞാറേ, ആഫ്രിക്കയിലെ സെനെഗൽ രാജ്യക്കാരനായ അമാദൗ മഹ്താർ എംബൗ ആണ് ഇപ്പോഴത്തെ സെക്രട്ടറി. യുനെസ്കോവുമായി സഹകരിച്ചു കാര്യങ്ങൾ നിർവഹിക്കുന്നതിനു് ഓരോ അംഗരാജ്യത്തിലും ദേശീയകമ്മീഷനുകൾ രൂപവൽക്കരിച്ചിട്ടുണ്ട്. മ്യൂസിയം, ഇൻറർനാഷണൽ സോഷ്യൽ സയൻസ് ജേർണൽ, ഇംപാക്ട് ഓഫ് സയൻസ് ഓൺ സൊസൈററി, യുനെസ്കോ കാരിയർ, ഫണ്ടമെൻറൽ ആൻറ് അഡൾട്ട് എഡ്യൂക്കേഷൻ ബുള്ളററിൻ, കോപ്പിറൈററ് ബുള്ളററിൻ, യുനെസ്കോ ന്യൂസ്, യുനെസ്കോ ബുള്ളററിൻ ഫോർ ലൈബ്രറീസ് മുതലായ ചില ആനുകാലികങ്ങൾ പല ഭാഷകളിലുമായി യുനെസ്കോ പ്രസിദ്ധപ്പെടുത്തുന്നു. ഇവയ്ക്കു പുറമെയാണ് എത്രയോ പുസ്തകങ്ങളും ലഘുലേഖകളും. അമൂല്യങ്ങളായ പുരാതത്ത്വാവശിഷ്ടങ്ങളെ നാശത്തിൽനിന്നു സംരക്ഷിക്കുന്നതിൽ യുനെസ്കോ നൽകിവരുന്ന സംഭാവന പ്രത്യേകം പ്രസ്താവിക്കാൻ അർഹമാണ്.

യുനെസ്കോവിൽനിന്ന് അമേരിക്ക ഇപ്പോൾ വിട്ടുപോകുന്നതു് എന്തുകൊണ്ടാണ്?

യുനെസ്കോവിൻെറ പൊതുസമ്മേളനത്തിലോ, നിർവഹണസമിതിയിലോ അമേരിക്കയ്ക്കു വിശേഷാധികാരങ്ങളൊന്നുമില്ല. ഐക്യരാഷ്ട്രസമിതിയുടെ ഘടന ജനാധിപത്യപരമാണെങ്കിലും, സമിതിയുടെ ഭൂരിപക്ഷ തീരുമാനങ്ങൾ തള്ളിക്കളയാനുള്ള അധികാരം സെക്യൂരിററി കൗൺസിലിനു് അമേരിക്ക അടക്കമുള്ള അഞ്ച് സ്ഥിരം അംഗങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, അമേരിക്കയുടെ ഇഷ്ടത്തിനു വിപരീതമായ ഒരു കാര്യവും ഐക്യരാഷ്ട്രസമിതിയിൽ നടക്കുകയില്ല. യുനെസ്കോവിലെ സ്ഥിതി ഇതല്ല. അവിടെ തീരുമാനങ്ങൾ എടുക്കുന്നതു് ഭൂരിപക്ഷാഭിപ്രായമനുസരിച്ചാകുന്നു. അമേരിക്ക എതിർക്കുന്ന തീരുമാനങ്ങളും യുനെസ്കോ സമ്മേളനത്തിൽ പാസ്സാവും.

ഐക്യരാഷ്ട്രസമിതിയിലും, അതുമായി ബന്ധപ്പെട്ട സംഘടനകളിലും ഇപ്പോൾ ചേരിചേരാ രാഷ്ട്രങ്ങൾക്കാണു ഭൂരിപക്ഷം. ഈ രാഷ്ട്രങ്ങൾ പലപ്പോഴും അമേരിക്കയുടെ നയത്തെ എതിർക്കുകയും റഷ്യയുടെ നയത്തെ അനുകൂലിക്കുകയുംചെയ്യുന്നുണ്ട്. അമേരിക്കയ്ക്കു പ്രായോഗികമായി ഇതുകൊണ്ടു വലിയ പ്രയാസമൊന്നും ഉണ്ടാവുന്നില്ല. കാരണം, മാതൃസംഘടനയായ ഐക്യരാഷ്ട്രസമിതിക്കു് അമേരിക്കൻ ഹിതത്തിനു് എതിരായ തീരുമാനങ്ങളൊന്നും എടുക്കാനുള്ള കഴിവില്ലല്ലോ. എങ്കിലും അംഗസംഘടനകളിലെ വിമർശനം പലപ്പോഴും അമേരിക്കൻ ഭരണാധിപന്മാർക്കു നീരസം ഉളവാക്കാറുണ്ട്. വേണമെങ്കിൽ ന്യൂയോർക്കു വിട്ടു മറെറവിടെയെങ്കിലും പൊയ്ക്കൊള്ളാൻ ഐക്യരാഷ്ട്രസംഘടനയോടു് അമേരിക്ക ഏതാനും മാസം മുമ്പ് ആവശ്യപ്പെട്ടതു് ഇത്തരം വിമർശനങ്ങളിൽ നിന്നുളവായ 'അല്പരസം' നിമിത്തമാണ്. അമേരിക്കയുടെ ഇഷ്ടത്തിനെതിരായി ചില തീരുമാനങ്ങൾ യുനെസ്കോ സ്വീകരിച്ചതിൽ പ്രതിഷേധിച്ചാണ് അമേരിക്ക ആ സംഘടന വിട്ടുപോകുന്നതു്.

ഒരു പുതിയ അന്താരാഷ്ട്രീയ സംജ്ഞാപന ക്രമം (ഇൻറർനാഷണൽ ഇൻഫർമേഷൻ ഓർഡർ) നിലവിൽ വരുത്തുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ യുനെസ്കോവിനകത്തും പുറത്തും നടന്നുവരികയാണ്. വാർത്താവിതരണത്തിനും ആശയപ്രചാരണത്തിനും ഉപകരിക്കുന്ന മാദ്ധ്യമങ്ങളുടെ കാര്യത്തിൽ സർവങ്കഷമായ ഒരു വിപ്ലവം ലോകത്തിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. റേഡിയോ സാർവ്വത്രികമായിരിക്കുന്നു. ടെലിവിഷൻ ഓരോ വീട്ടിലും എത്തുന്ന കാലം അകലെയല്ല. കമ്പ്യൂട്ടറുകളുടെ നിർമ്മാണത്തിൽ വന്ന പുരോഗതിയുടെ ഫലമായി ലോകവിജ്ഞാനമാകെ സംഭരിച്ചുവയ്ക്കാനും, ഇഷ്ടംപോലെ ആർക്കും അതെടുത്ത് ഉപയോഗിക്കാനും സാദ്ധ്യമാണെന്നു വന്നിരിക്കുന്നു.

മുതലാളിത്ത രാജ്യങ്ങളിലെ ഏതാനും കമ്പനികൾ ആണ് ഇപ്പോൾ ലോകമാദ്ധ്യമങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ബ്രിട്ടനിലെ റോയ്ട്ടർ, അമേരിക്കയിലെ അസോഷ്യേററഡ് പ്രസ്സ്, യുണൈററഡ് പ്രസ്സ് ഇൻറർനാഷണൽ, ഫ്രാൻസിലെ എ. എഫ്. പി. എന്നീ ഏജൻസികൾ ലോകപത്രങ്ങളിലെ വാർത്തകളിൽ ഏറിയകൂറും സമ്പാദിച്ചു പ്രചരിപ്പിച്ചുവരുന്നു. ഫലമോ? ദരിദ്രരാജ്യങ്ങളിലേക്കു ധനികരാജ്യങ്ങളുടെ വാർത്തകൾ ഒഴുകിയെത്തുകയല്ലാതെ, ദരിദ്രരാജ്യങ്ങളുടെ വാർത്തകൾ ധനികരാജ്യങ്ങളിലേക്ക് ഒഴുകുന്നില്ല. ഒഴുകുന്ന വാർത്തകൾതന്നെ ദരിദ്രരാജ്യങ്ങളുടെ വികസനത്തെ സഹായിക്കുന്നവയല്ല. തങ്ങൾക്കു പ്രയോജനമുള്ള വാർത്തകളും വിവരങ്ങളും ശേഖരിക്കാനും പ്രചരിപ്പിക്കാനും ചേരിചേരാരാഷ്ട്രങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെ ആവശ്യം കുറെക്കാലമായി യുനെസ്കോവിലും മററു പൊതുവേദികളിലും ഉന്നയിക്കപ്പെട്ടു വന്നിരുന്നു. വാർത്തകളുടെയും വിവരങ്ങളുടെയും സംഭരണത്തിലും വിതരണത്തിലും ഇന്നു നിലവിലുള്ള കുത്തക തകർക്കാനുള്ള ഈ ശ്രമം അമേരിക്കയ്ക്കോ, മററു മുതലാളിത്ത രാജ്യങ്ങൾക്കോ, മുതലാളിത്തത്തിന്റെ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവർക്കോ ഇഷ്ടമായില്ലെങ്കിൽ അതിലത്ഭുതപ്പെടാനില്ല.

അച്ചടിച്ച വാർത്താമാദ്ധ്യമങ്ങളുടെ മേലുള്ളതിനെക്കാൾ കൂടുതൽ ശക്തവും കൂടുതൽ ദ്രോഹകരവുമാണു ടെലിവിഷനുമേൽ മുതലാളിത്ത രാജ്യങ്ങളിലെ കുത്തകക്കമ്പനികൾക്കുള്ള നീരാളിപ്പിടുത്തം. ദരിദ്രരാജ്യങ്ങളിൽ പ്രദർശിപ്പിക്കുന്ന ടെലിവിഷൻ പരിപാടികളിൽ വളരെ വലിയ ഒരു ശതമാനം നിർമ്മിക്കപ്പെടുന്നത് മുതലാളിത്ത രാജ്യങ്ങളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ, ആണ്. നിലവാരം നന്നെ കുറഞ്ഞ ഈ പരിപാടികൾ ദരിദ്രരാജ്യങ്ങളിൽ വരുത്തിത്തീർക്കുന്ന സാംസ്കാരികാധഃപതനം ഇത്രയെന്നു പറയാനാവില്ല.

രാഷ്ട്രങ്ങൾ തമ്മിൽ വാർത്തകളും വിവരങ്ങളും കൈമാറുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുവാൻ ഒരു കമ്മീഷനെ യുനെസ്കോ നിയമിക്കുകയുണ്ടായി. മുഖ്യമായും ചേരിചേരാരാജ്യങ്ങളുടെ ആവശ്യപ്രകാരം നിയമിക്കപ്പെട്ട ഈ (മാക്ബ്രൈഡ്) കമ്മീഷൻ പുറത്തുകൊണ്ടുവന്ന വസ്തുതകൾ ആരുടെയും കണ്ണു തുറപ്പിക്കുന്നതായിരുന്നു. മുതലാളിത്ത രാജ്യങ്ങളിലെയും ദരിദ്രരാജ്യങ്ങളിലെയും വൃത്താന്തപത്രങ്ങളിൽ എൺപതു ശതമാനത്തോളം നിയന്ത്രിക്കുന്നതു ബഹുരാഷ്ട്രക്കുത്തകക്കമ്പനികളാണ്. ഇവയിൽ പലതും അമേരിക്കൻ ഉടമയിൽ ഉള്ളവയുമാണ്. ലോകത്തിലെ റേഡിയോ പരിപാടികളിൽ തൊണ്ണൂറു ശതമാനവും ടെലിവിഷൻ പരിപാടികളിൽ തൊണ്ണൂററഞ്ചുശതമാനവും ഈ കുത്തകക്കമ്പനികളിൽനിന്ന് ഉത്ഭവിക്കുന്നു. അമേരിക്കയുടെ കയററുമതി വ്യവസായങ്ങളിൽ രണ്ടാം സ്ഥാനം വഹിക്കുന്നതു സംജ്ഞാപന (ഇൻഫർമേഷൻ) വ്യവസായം ആകുന്നു. 1980–ൽ ഈ വ്യവസായത്തിൽ

നിന്നു് അമേരിക്ക ഏഴായിരത്തഞ്ഞൂറു കോടി ഡോളർ നേടി. ഈ വസ്തുതകളിൽനിന്നു് ലോക–സംജ്ഞാപന വ്യവസ്ഥയിൽ അമേരിക്ക എത്രമാത്രം പിടിമുറുക്കിയിട്ടുണ്ടെന്നു കാണുവാൻ പ്രയാസമില്ല. ഈ കുത്തകക്കെപാളിക്കുകയാണു് 'പുതിയ അന്താരാഷ്ട്രീയ–സംജ്ഞാപന വ്യവസ്ഥിതി' എന്നതുകൊണ്ടു മുഖ്യമായും ഉദ്ദേശിക്കുന്നതു്. ഡൽഹിയിൽ ചേർന്ന ചേരിചേരാ രാഷ്ട്രസമ്മേളനത്തിലെടുത്ത തീരുമാനമനുസരിച്ചു് 1984 ജനുവരി അവസാനത്തിൽ അഞ്ചു ദിവസം ഇൻഡോനേഷ്യയിലെ ജകാർത്തയിൽ സമ്മേളിച്ച ചേരിചേരാ രാജ്യങ്ങളിലെ എൺപതു വർത്താവിതരണ മന്ത്രിമാരും മാദ്ധ്യമ–ഉദ്യോഗസ്ഥന്മാരും 'പുതിയ ലോക–സംജ്ഞാപന (ഇൻഫർമേഷൻ ആൻറ് കമ്യൂണിക്കേഷൻ) വ്യവസ്ഥിതി' നിലവിൽ വരുത്തുന്നതിനു് വാർത്താമാദ്ധ്യമങ്ങൾ സഹകരിക്കണമെന്നഭ്യർത്ഥിച്ചിട്ടുണ്ടു്. ഈ അഭ്യർത്ഥന 'ജകാർത്ത അപ്പീൽ' എന്നു് അറിയപ്പെടുന്നു. ധനിക–ദരിദ്ര രാഷ്ട്രങ്ങൾക്കിടയിലെ വിടവു കൂടുതൽ വളരാതിരിക്കാനും, യുദ്ധഭീഷണി ഒഴിവാക്കാനും, ഈ പുതിയ 'വ്യവസ്ഥിതി' അനുപേക്ഷണീയമാണെന്നു് ഈ അഭ്യർത്ഥനയിൽ പറയുന്നു. ചേരിചേരാ രാഷ്ട്രങ്ങൾ സഹകരിച്ചു് ഈ 'വ്യവസ്ഥിതി' നിലവിൽ വരുത്താൻ ശ്രമിക്കണം. വാർത്താമാദ്ധ്യമങ്ങളുടെ കാര്യത്തിലെന്നപോലെ ഫിലിമുകൾ, പുസ്തകങ്ങൾ എന്നിവയുടെ കാര്യത്തിലും ചേരിചേരാ രാജ്യങ്ങൾ പരസ്പരം സഹായിക്കണം.

വർത്താവിതരണത്തിൽ ഇപ്രകാരം സ്റ്റേറ്റുകൾ നേരിട്ടു് ഇടപെടാൻ തുടങ്ങിയാൽ അതു പത്രസ്വാതന്ത്ര്യത്തിനും ആശയപ്രകാശന സ്വാതന്ത്ര്യത്തിനും ഹാനികരമായിരിക്കുമെന്ന വാദം ഉന്നയിച്ചു് 'പുതിയ ലോകസംജ്ഞാപനവ്യവസ്ഥിതി'യെ അമേരിക്ക നഖശിഖാന്തം എതിർക്കുകയാണു്. 'പുതിയ ലോകസംജ്ഞാപന വ്യവസ്ഥിതി'ക്കു് യൂനെസ്കോ പിന്തുണ നല്കുന്നു എന്നതാണു് ആ സംഘടന വിട്ടുപോകാൻ അമേരിക്കയെ പ്രകോപിപ്പിച്ച താല്ക്കാലിക കാരണം.

ഒരൊററ വയ്ക്കോലിഴയുടെ ഭാരംകൊണ്ടു് ഒട്ടകത്തിൻെറ നടു ഒടിയുകയില്ലല്ലോ. യൂനെസ്കോവിൻെറ പല നടപടികളിലും അമേരിക്കൻ ഗവണ്മെൻറിനു മുമ്പുതന്നെ അതൃപ്തിയുണ്ടായിരുന്നു. യൂനെസ്കോ കൂടുതൽ കൂടുതലായി റഷ്യൻ ഭാഗത്തേക്കു ചാഞ്ഞുവരുന്നു എന്നായിരുന്നു അമേരിക്കയുടെ ആരോപണം. യൂനെസ്കോവിൻെറ തീരുമാനങ്ങളെല്ലാം രാഷ്ട്രീയപ്രേരിതങ്ങളും വഴി തെററിയവയും ആണെന്നു കുറെക്കാലമായി അമേരിക്ക ആക്ഷേപിച്ചുവന്നിരുന്നു. ലോകത്തിൽ ഒരു 'പുതിയ സമ്പദ്‌വ്യവസ്ഥിതി' (ന്യൂ ഇക്കണോമിക് ഓർഡർ) നിലവിൽ വരുന്നതിനു രാഷ്ട്രങ്ങളുടെ ഒരു സംയുക്തസമ്മേളനം നടത്തണമെന്ന ചേരിചേരാരാഷ്ട്രങ്ങളുടെ ആവശ്യത്തെ യൂനെസ്കോ അനുകൂലിച്ചതു് അമേരിക്കയ്ക്കെതിരായ ഒരു നടപടിയായി കണക്കാക്കപ്പെട്ടു. നിരായുധീകരണ പ്രശ്നത്തിൽ യൂനെസ്കോ കാണിക്കുന്ന താല്പര്യം ആ സംഘടനയുടെ സോവ്യററ് അനുകൂല മനഃസ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതായി അമേരിക്ക കരുതി. 'നിരായുധീകരണത്തിൽ യൂനെസ്കോവിനു് എന്തു കാര്യം?' എന്നു് അവർ ചോദിച്ചു. ഇതിനൊക്കെ പുറമെ, പ്രയോജനകരമായ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കേണ്ട പണം ഉദ്യോഗസ്ഥന്മാരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി യൂനെസ്കോ ദുർവ്യയംചെയ്യുകയാണെന്ന ആരോപണവും അമേരിക്ക ഉന്നയിക്കാതിരിക്കുന്നില്ല.

അമേരിക്കയുടെ സമ്മർദത്തിനു വഴങ്ങി യൂനെസ്കോ അതിൻെറ നയങ്ങളോ, പരിപാടികളോ മാററുന്ന പ്രശ്നമില്ലെന്നു് യൂനെസ്കോവിൻെറ സെക്രട്ടറി ജനറൽ എംബോ ജനുവരി അവസാനത്തിൽ പ്രസ്താവിച്ചു.

മിക്ക കാര്യങ്ങളിലും അമേരിക്കയെ അനുകൂലിക്കുന്ന ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറേ ജർമനി എന്നീ രാഷ്ട്രങ്ങൾ യുനെസ്കോ വിടാൻ തീരുമാനിച്ചിട്ടില്ലെന്നതു കുറച്ചൊക്കെ ആശ്വാസകരമാണ്. എന്നാലും അമേരിക്ക വിട്ടുപോകുന്നതോടെ യുനെസ്കോയുടെ പ്രയോജനവും സ്വാധീനവും വളരെ കുറയാനാണു സാദ്ധ്യത. ആ സംഘടന പിരിച്ചുവിടാൻ കാലമായെന്ന വാദവും ഉയർന്നുകൂടായ്കയില്ല.

അങ്ങനെ നോക്കുമ്പോൾ ഐക്യരാഷ്ട്രസംഘടന, ഇന്നത്തെ പരിതഃസ്ഥിതിയിൽ, നിർവഹിക്കുന്ന പ്രയോജനം എന്താണ്? നിർണായകമായ എന്തെങ്കിലും നടപടി പ്രധാനപ്പെട്ട എന്തെങ്കിലും പ്രശ്നത്തിൽ കൈക്കൊള്ളാൻ അതിനു കഴിയുന്നുണ്ടോ? യുനെസ്കോ പിരിച്ചുവിടണമെന്നു വാദിക്കുന്നവർക്ക് ഐക്യരാഷ്ട്രസംഘടന പിരിച്ചുവിടണമെന്നും വാദിച്ചുകൂടേ?

(31 ജനവരി, 1984)

# 23. മാർക്ക് കുംഭകോണം

മാർക്ക് കുംഭകോണത്തെപ്പററിയാണ് എഴുതുന്നത്. കേരള സർവകലാശാലയിലെ മാർക്ക് കുംഭകോണത്തെപ്പററിയല്ല. ആ പ്രശ്നത്തിൽ ഇപ്പോൾ ഒരു പ്രത്യേക ജഡ്ജി വിധി കല്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. ബ്രിട്ടനിലുമുണ്ട് ഒരു മാർക്ക് കുംഭകോണം. ഈ കുറിപ്പിൽ പരാമർശിക്കുന്നത് ബ്രിട്ടനിലെ മാർക്ക് കുംഭകോണമാണ്.

കേരളത്തിലും ബ്രിട്ടനിലും 'കുംഭകോണം' ഒന്നുതന്നെ; പക്ഷേ, 'മാർക്ക്' രണ്ടാണ്. പരീക്ഷകളിൽ കുട്ടികൾ നേടുന്ന മൂല്യാങ്കമാണ് കേരളത്തിലെ മാർക്ക്. ബ്രിട്ടനിലെ മാർക്ക്, അവിടത്തെ പ്രധാനമന്ത്രി മിസ്സിസ് മാർഗരററ് താച്ചറുടെ മകൻ മാർക്ക് താച്ചർ ആകുന്നു. പ്രധാനമന്ത്രി മിസ്സിസ് താച്ചറുടെ മകൻ മാർക്കിനെ കേന്ദ്രമാക്കി ഉയർന്നുവന്നിട്ടുള്ള ഒരു ആരോപണമാണ് ബ്രിട്ടനിലെ 'മാർക്ക് കുംഭകോണം.'

'സിമെന്റേഷൻ ഇൻറർനാഷണൽ ലിമിറ്റഡ്'എന്ന പേരിൽ ഒരു മരാമത്തു കമ്പനി ബ്രിട്ടനിലുണ്ട്. ഈ കമ്പനിയുടെ ശമ്പളം വാങ്ങുന്ന ഒരു ഉപദേഷ്ടാവാണ് പ്രധാനമന്ത്രിയുടെ മകൻ മാർക്ക് താച്ചർ. 1981 ഏപ്രിൽ മാസത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരററ് താച്ചർ പേർഷ്യൻ ഗൾഫിലുള്ള ഒമാനിൽ ഒരു ഔദ്യോഗിക സന്ദർശനം നടത്തി. അമ്മയോടൊപ്പം മകൻ മാർക്കും ഒമാനിൽ പോയിരുന്നു. ഈ സന്ദർശനത്തെത്തുടർന്ന്, ഒമാനിൽ നാല്പത്തഞ്ചു കോടി ഡോളർ (നാനൂററമ്പതു കോടി രൂപ) ചെലവു മതിക്കപ്പെട്ട ഒരു നിർമാണപ്രവർത്തനം നടത്തുന്നതിനുള്ള കരാർ 'സിമെന്റേഷൻ ഇൻറർനാഷണൽ' കമ്പനിക്കു ലഭിച്ചു. ഈ കോൺട്രാക്ററ് നേടിക്കൊടുക്കുന്നതിനു കമ്മീഷനായി നല്ല ഒരു തുക മാർക്ക് താച്ചർക്കു കമ്പനി കൊടുത്തു. ഈ തുക മാർക്ക് താച്ചറുടെയും, മാർക്കിന്റെ അച്ഛനും പ്രധാനമന്ത്രിയുടെ ഭർത്താവുമായ ഡെനിസ് താച്ചറുടെയും കൂട്ടുകണക്കിൽ ബാങ്കിൽ നിക്ഷേപിക്കപ്പെട്ടു.

തന്റെ മകന് അവിഹിതമായ ആദായമുണ്ടാക്കിക്കൊടുക്കുവാൻ പ്രധാനമന്ത്രി താച്ചർ ഒമാനിലുള്ള ഔദ്യോഗികസന്ദർശനത്തെ ദുരുപയോഗപ്പെടുത്തിയെന്ന ആരോപണം, കഴിഞ്ഞ ജനവരിമാസത്തിൽ ബ്രിട്ടീഷ് പത്രങ്ങളിൽ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചുതുടങ്ങി. സാധാരണനിലയിൽ ഒരു ബ്രിട്ടീഷ് കമ്പനിക്കു കോൺട്രാക്ററ് കിട്ടു